# TOMS PIPES PVT LTD

## Online Customer Guide.

പ്രിയപ്പെട്ട  ഉപഭോക്താവേ,

ടോംസ്  പൈപ്സ് പ്രൈവറ്റ് ലിമിറ്റഡ് താങ്കൾക്കായി ഇതാ ഇന്റർനെറ്റ് സഹായത്തോടുകൂടി വാണിജ്യ (ഇ-കൊമേഴ്സ്) സൗകര്യം ലഭ്യമാക്കിയിരിക്കുന്നു!

ഈ സൗകര്യം വളരെ എളുപ്പവും സൗകര്യപ്രദവുമാണ്. വാണിജ്യ സേവനങ്ങൾക്കായി താങ്കൾ ചെയ്യേണ്ട നടപടിക്രമങ്ങൾ താഴെ നൽകിയിരിക്കുന്നു.

ആദ്യം ടോംസ് പൈപ്സ് പ്രൈവറ്റ് ലിമിറ്റഡ് വെബ്സൈറ്റ് സന്ദർശിക്കുക.

www.tomspipes.com

## രജിസ്ട്രേഷൻ:

1. വെബ്സൈറ്റിന്റെ വലതുവശത്തായി മുകളിൽ കൊടുത്തിരിക്കുന്ന **“menu”** ബട്ടണിൽ ക്ലിക്ക് ചെയ്യുക , ശേഷം സ്ക്രീനിൽ വരുന്ന **“signin“** ബട്ടൺ ക്ലിക്ക് ചെയ്യുക.

2. സ്ക്രീനിൽ താഴെ നല്കിയിരിക്കുന്നതുപോലെ  ഒരു ഫോം വരുന്നതാണ് . അതിൽ  ആവശ്യമായ  വിവരങ്ങൾ എന്റർ  ചെയ്ത ശേഷം "**Sign Up**" ബട്ടൺ ക്ലിക്ക് ചെയ്യുക.



താങ്കൾ ഇതിനകം തന്നെ ടോംസ് പൈപ്പ്സ് ഉപഭോക്താവ് ആണെങ്കിൽ താഴെ നൽകിയിരിക്കുന്നതുപോലെ യൂസർ ഐഡി , പാസ്സ്‌വേർഡ് എന്നിവ നൽകി **" Login"** ബട്ടൺ ക്ലിക്ക് ചെയ്യുക.




ലോഗിൻ ചെയ്ത ശേഷം താങ്കൾ കസ്റ്റമർ ഡാഷ്ബോർഡിൽ എത്തുന്നതാണ്.

കസ്റ്റമർ ഡാഷ്ബോർഡ് സ്ക്രീനിൽ ഇടതുവശത്തു മെനു ബാറിൽ പ്രധാനപ്പെട്ട അഞ്ചു ബട്ടൺ ആണ് നൽകിയിരിക്കുന്നത്.

അവയുടെ ഉപയോഗം :

1. Dashboard

'Dashboard' ബട്ടൺ ക്ലിക്ക് ചെയ്യുന്നതിലൂടെ താങ്കൾക്കു ഇതിനകം തന്നെ നടത്തിയ ഇടപാട് വഴി ലഭ്യമായ പോയിന്റ് കാണാൻ സാധിക്കുന്നതാണ്.

2. Orders

‘Orders’ ബട്ടൺ ക്ലിക്ക് ചെയ്യുന്നതിലൂടെ താങ്കൾ വാങ്ങിയ ഉത്പന്നത്തിന്റെ വിവരങ്ങൾ അറിയുവാൻ സാധിക്കുന്നതാണ്. കൂടാതെ ഓരോ ഓർഡറും ട്രാക്ക് ചെയ്യുവാനും സാധിക്കും.

3. My Account

‘My Account’ ബട്ടൺ ക്ലിക്ക് ചെയ്തു വരുന്ന പേജിൽ താങ്കൾ "Sign Up" ചെയ്തപ്പോൾ നൽകിയ വിവരങ്ങൾ (Name, Phone number, Email Id, Password) എഡിറ്റ് ചെയ്യുവാൻ സാധിക്കുന്നതാണ്.

ഫോമിൽ ആവശ്യമുള്ള വിവരങ്ങൾ എഡിറ്റ് ചെയ്തശേഷം “Submit” ബട്ടൺ ക്ലിക്ക് ചെയ്യുക.

4. Buy Product

‘Buy Product’ ബട്ടൺ ക്ലിക്ക് ചെയ്യുന്നതിലൂടെ താങ്കൾ പ്രോഡക്റ്റ് പേജിൽ എത്തുന്നതാണ്. പ്രോഡക്റ്റ് പേജിൽ ഓരോ ഉത്പന്നത്തിന്റെയും പേരും ചിത്രവും കാറ്റഗറിയും അടങ്ങുന്ന വിവരങ്ങൾ ലിസ്റ്റ് ചെയ്യിതിട്ടുണ്ട്.

പേജിന്റെ ഇടതു വശത്തായി സെർച്ച് ബാർ നൽകിയിട്ടുണ്ട്. സെർച്ച് ബാറിൽ താങ്കൾക്കു ഉത്പന്നത്തിന്റെ Name, Colour, Size, Pressure ഘടകങ്ങൾ ഉപയോഗിച്ചു സെർച്ച് ചെയ്യുവാൻ സാധിക്കും.

സെർച്ച് ബാറിന്റെ താഴെയായി "Choose Category" മെനു ഉണ്ട്. മെനുവിൽ നൽകിയിരിക്കുന്ന ഓരോ കാറ്റഗറിയും സെലക്ട് ചെയ്യുന്നതിലൂടെ അതാതു കാറ്റഗറിയിൽ ഉള്ള ഉത്പനങ്ങൾ മാത്രമായി പേജിൽ ലിസ്റ്റ് ആവുന്നതാണ്.

ഓരോ ഉത്പന്നത്തിന്റെയും താഴെ "Prepare Estimate" ബട്ടൺ നൽകിയിട്ടുണ്ട്. ഈ ബട്ടൺ ക്ലിക്ക് ചെയ്താൽ താഴെ കൊടുത്തിരിക്കുന്നതുപോലെ ഒരു പോപ്പ് അപ് വിന്ഡോ വരുന്നതാണ്.




ഈ പോപ്പ് അപ് വിൻഡോയിൽ, ഉത്പന്നത്തിന്റെ, താങ്കൾക്കാവശ്യമായ റേറ്റിംഗ് സെലക്ട് ചെയ്ത ശേഷം "Go" ബട്ടണിൽ ക്ലിക്ക് ചെയ്യേണ്ടതാണ്. അപ്പോൾ പോപ്പ് അപ് വിൻഡോയിൽ താഴെ നൽകിയിരിക്കുന്നതുപോലെ ഉത്പന്നത്തിന്റെ തുക കാണുവാൻ സാധിക്കും. അഥവാ ഈ ഉത്പന്നം താങ്കൾ വാങ്ങുവാൻ ആഗ്രഹിക്കുന്നു എങ്കിൽ താങ്കൾക്കു ആവശ്യമായ ക്വാണ്ടിറ്റി സെലക്ട് ചെയ്ത ശേഷം "Add to Cart" ബട്ടൺ ക്ലിക്ക് ചെയ്യുക.



ഉടനെ "Product added to cart" എന്നൊരു കൺഫെർമേഷൻ താങ്കൾക്കു ലഭിക്കും.

## Payment

താങ്കൾ സെലക്ട് ചെയ്ത ഉത്പന്നത്തിന്റെ പേയ്മെന്റ് നടത്തുവാൻ വെബ്സൈറ്റിന്റെ വലതുവശത്തായി മുകളിൽ കൊടുത്തിരിക്കുന്ന "Cart" ബട്ടണിൽ ക്ലിക്ക് ചെയ്യുക.

ശേഷം വരുന്ന പേജിൽ താങ്കൾ സെലക്ട് ചെയ്ത ഓരോ ഉത്പന്നത്തിന്റെയും സ്പെസിഫിക്കേഷൻ കാണുവാൻ സാധിക്കും.

പേയ്മെന്റിനു വേണ്ടി ആദ്യം സ്ക്രീനിന്റെ വലതുവശത്തു നൽകിയിരിക്കുന്ന ടെക്സ്റ്റ് ബോക്സിൽ താങ്കളുടെ വിലാസം നൽകണം.

അതിനുശേഷം "Select Payment Mode" ബട്ടണിൽ ക്ലിക്ക് ചെയ്യുക. ഉടനെ സ്ക്രീനിൽ താഴെ നല്കിയിരിക്കുന്നപോലെ ഒരു പോപ്പ് അപ് വിന്ഡോ വരുന്നതാണ്.



വിൻഡോയിൽ വന്നിരിക്കുന്ന ഓപ്ഷനിൽ താങ്കൾക്കു  അനുയോജ്യമായ ഓപ്ഷൻ സെലക്ട് ചെയ്ത് പേയ്മെന്റ് നടത്താവുന്നതാണ്.

5. Logout

'Logout'  ബട്ടൺ ക്ലിക്ക് ചെയ്യുന്നതിലൂടെ  താങ്കൾക്കു വെബ്സൈറ്റ് അക്കൗണ്ടിൽ നിന്നും ലോഗൗട്ട് ചെയ്യുവാൻ സാധിക്കുന്നതാണ്.

ടോംസ്  പൈപ്സ് പ്രൈവറ്റ് ലിമിറ്റഡ് താങ്കൾക്കായി ഒരുക്കിയ ഓൺലൈൻ സേവനം താങ്കൾക്കു ഫലപ്രദമായി ഉപയോഗിക്കാൻ സാധിച്ചു എന്ന് വിശ്വസിക്കുന്നു

നന്ദി